# കോട്ടയം കുടുംബശ്രീ ജില്ലാമിഷൻ

## കോവിഡ് കാല പ്രവർത്തനങ്ങൾ - മണിമല സി ഡി എസ്

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ മണിമലയാറിന്റെ തീരത്താണ് മണിമല പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നാടോടി കഥകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നാടോടി ഗ്രാമമായി പ്രഖ്യാപിച്ചു. മലയോര മേഖലയായ പഞ്ചായത്തിൽ 15 വാർഡുകളാണുള്ളത്. നൂറ്റാണ്ടുകൾക്കു മുമ്പ് കാഞ്ഞിരപ്പള്ളി, മീനച്ചിൽ പ്രദേശങ്ങളിൽ നിന്ന് ഈ പ്രദേശത്തേക്ക് കുടിയേറിയ കുടിയേറ്റ കർഷകരുടെ പിൻഗാമികളായ ഇവർ കുടുംബശ്രീ സംവിധാനത്തെയും ഒപ്പം കൊണ്ട് നടക്കുന്നു. ശ്രീമതി ഉഷാ സുധീറിന്റെ നേതൃത്വത്തിൽ 15 എ ഡി എസ്സുകളിലായി 15 സി ഡി എസ്സ് മെമ്പർമാരും എക്സ് ഒഫീഷ്യോ അംഗങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചു വരുന്നു. ഭരണ സമിതിയ്ക്കൊപ്പം സി ഡി എസ് അക്കൗണ്ടന്റ് മഞ്ജുള അനിൽകുമാറും മെമ്പർ സെക്രട്ടറി ശ്രീമതി . ഷോളി ഫിലിപ്പും കർമനിരതരായി ഭരണസമിതിയ്ക്കൊപ്പമുണ്ട്.

## സാമൂഹിക അടുക്കള

കോവിഡ് വ്യാപനം തടയാൻ ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാലത്തു സംസ്ഥാനത്തു ആരും  വീടുകളിൽ പട്ടിണി കിടക്കുന്ന സ്ഥിതി ഉണ്ടാവരുതെന്നു ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയായ സാമൂഹിക അടുക്കള നടത്തുന്നതിനായി പഞ്ചായത്തിനൊപ്പം കുടുംബശ്രീയും ചേർന്ന് ഈ സംരംഭം ഏറ്റെടുത്തു. 2020 മാർച്ച് 26 ആം തീയതി കറിക്കാട്ടൂർ ഗവണ്മെന്റ് എൽ പി സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ആൻസി സെബാസ്റ്യാന്റെയും പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. രേണുക ദേവി അമ്മാളിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചു. അര്ഹതപ്പെട്ടവരുടെ കൈകളിൽ ഭക്ഷണം എത്തിക്കുന്നതിനായി ചെയർപേഴ്സണും  സി ഡി എസ് അംഗങ്ങളും ഓരോ ദിവസവും പഞ്ചായത്തിനൊപ്പം സഞ്ചരിച്ചു. ഹരിത ചട്ടം പാലിച്ചു കൊണ്ട് ഭക്ഷണ പൊതി ഒരുക്കുന്നതിനായി ഒരു അയൽക്കൂട്ട അംഗത്തിനെ 3 വാഴയില എത്തിക്കുന്നതിനായി നിയോഗിച്ചു. ഓരോ ദിവസവും ഓരോ വാർഡിനും കമ്മ്യൂണിറ്റി ഇൻഫർമേഷൻ നെറ്റ്വർക്ക് ഗ്രൂപ്പുവഴി നിർദ്ദേശങ്ങൾ നൽകി

അയൽക്കൂട്ട അംഗങ്ങളെ സജ്ജരാക്കി. തങ്ങളാൽ കഴിയുന്ന വിധത്തിൽ സഹായമെത്തിക്കാൻ കുടുംബശ്രീ അംഗങ്ങളും തയ്യാറായപ്പോൾ സാമൂഹിക അടുക്കള വിജയമായി തീർന്നു.



## കമ്മ്യൂണിറ്റി ഇൻഫർമേഷൻ നെറ്റ്‌വർക്ക്

കൊറോണയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീയുടെയും നിർദ്ദേശങ്ങളും അറിയിപ്പുകളും കൃത്യമായി അയൽക്കൂട്ട അംഗങ്ങളിൽ എത്തിക്കുവാൻ സി ഐ എൻ ഗ്രൂപ്പുകൾക്ക് കഴിഞ്ഞു. ഗ്രൂപ്പുകൾ വഴി നൽകുന്ന നിർദ്ദേശങ്ങൾ താഴെ തട്ടിലേക്ക് എത്തിക്കുന്നതിന് സി ഡി എസ് തലത്തിലും എ ഡി എസ് തലത്തിലും

അയൽകൂട്ട തലത്തിലും ഗ്രൂപ്പുകൾ ഒരുങ്ങിയപ്പോൾ കുടുംബശ്രീ അംഗങ്ങളുടെ വിരൽ തുമ്പിലും വിവരങ്ങൾ എത്തി തുടങ്ങി.

## ജൈവാങ്കണം - അടുക്കളപ്പുറത്തൊരു ജൈവകൃഷി

വിഷരഹിതമായ ജൈവ പച്ചക്കറികൾ സ്വന്തം അടുക്കളത്തോട്ടത്തിൽ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടന്ന ജൈവാങ്കണം - അടുക്കളപ്പുറത്തൊരു ജൈവകൃഷി പരുപാടിയിൽ അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു. സമകാലിക പശ്ചാത്തലത്തിൽ സ്വയം പര്യാപ്തത കൈ വരിക്കേണ്ട ആവശ്യകത ഉൾക്കൊണ്ട് കൊണ്ട് തങ്ങളുടെ അടുക്കളപ്പുറത്തു പച്ചക്കറികൾ നട്ടുകൊണ്ട് അവയെ പരിപാലിച്ചും ഈ ഉദ്യമത്തിൽ പങ്കെടുക്കാൻ ചെയർപേഴ്സൺ ഉൾപ്പെടെ ഉള്ള അയൽക്കൂട്ട അംഗങ്ങൾ തയ്യാറായത് പ്രശംസനീയമാണ്.



## വയോജന സംരക്ഷണം

കുടുംബശ്രീയുടെ നേതൃത്വത്തിൽ കോവിഡ് 19 മൂലമുള്ള ലോക്ഡൌൺന്റെ പശ്ചാത്തലത്തിൽ 60 വയസ്സ് കഴിഞ്ഞ അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മാനസിക സാമൂഹിക പിന്തുണ

നൽകുകയും ബോധവത്കരണവും അതോടൊപ്പം അവരുടെ വിവര ശേഖരണം നടത്തുന്നതിനായി സി ഡി എസ്സിൽ ആർ പി മാരെ ചുമതലപെടുത്തിയിരുന്നു. അതുപോലെ തന്നെ വയോജന അയൽകൂട്ട അംഗങ്ങളെ നേരിട്ട് വിളിച് അവരുടെ ആശങ്കകളും വ്യാകുലതകളും പങ്കു വെക്കുന്നതിനും അതുപോലെ തന്നെ അവർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകാൻ കുടുംബശ്രീ സി ഡി എസ്സ് നു കഴിഞ്ഞു.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി

ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ സാധാരണക്കാരന്റെ തൊഴിൽ ജീവിതത്തിൽ സാരമായി ബാധിക്കപ്പെട്ടേക്കാമെന്നും ഓരോ കുടുംബവും തങ്ങളുടെ നിത്യചിലവിനുപോലും കഷ്ടപ്പെട്ടേക്കാമെന്നും മുൻകൂട്ടി കണ്ട് അതിനെ തടയിടാൻ സർക്കാർ വിഭാവനം ചെയ്ത പദ്ധതിയിൽ ആകെയുള്ള 172 അയൽക്കൂട്ടങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന അർഹത പ്രകാരം 130 അയൽക്കൂട്ടങ്ങളിലായി 1513 അയൽക്കൂട്ട അംഗങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. അതിൽ 1059 പേർക് 5000 രൂപ വീതവും 376 പേർക് 10000 രൂപ വീതവും 68 പേർക് 10000 രൂപ വീതവും 10 പേർക് 15000 രൂപ വീതവും അനുവദിച്ചു നൽകി.

ജനകീയ ഹോട്ടലിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായി കഴിഞ്ഞു. വരും ദിവസങ്ങളിൽ പ്രവർത്തനം തുടങ്ങും.

*അശ്വതി വിജയൻ*

*ബ്ലോക്ക് കോഓർഡിനേറ്റർ (എം.ഐ.എസ് )*

*കാഞ്ഞിരപ്പള്ളി ബ്ലോക്ക്*